"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - LID&EW - ജീവനക്കാര്യം - ശ്രീമതി അൻഷ.പി.-യുടെ (പെൻ-473377) ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് - ദീർഘിപ്പിച്ച് - ഉത്തരവുപുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1487/2026/LSGD തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:-

1. ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.03.2025-ലെ CEIA/1072/2025-B4 നമ്പർ നടപടിക്രമം.
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2026-ലെ LSGD/PD/16947/2024-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി അൻഷ.പി.യുടെ(പെൻ-473377) ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 12.12.2012 മുതൽ 25.09.2021 വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജലസേചന വകുപ്പിൽ 21.10.2009 പൂർവ്വാഹ്നത്തിൽ ക്ലർക്കായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി അൻഷ.പി. സ്ഥിര പുനർവിന്യാസം മുഖേന മുൻ തദ്ദേശ സ്വയംഭരണ (എഞ്ചിനിയറിംഗ് വിഭാഗം) വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരിയാണ്. പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിലേയ്ക്കായി പാസ്സാകേണ്ട നിർബന്ധിത വകുപ്പുതല പരീക്ഷ 23.09.2021-ൽ ആണ് ടിയാൾ വിജയിച്ചിട്ടുള്ളതെന്നും പ്രൊബേഷന് പരിഗണിക്കാത്ത 52 ദിവസത്തെ അവധി, പ്രസ്തുത കാലയളവിൽ ടിയാൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും, ടിയാളുടെ പ്രൊബേഷൻ കാലയളവ്, പരാമർശം (1)

പ്രകാരം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പ്രൊബേഷൻ കാലയളവിൽ ടിയാളുടെ സേവനവും സ്വഭാവവും തൃപ്തികരമാണെന്നും, ടിയാൾക്കെതിരെ വിജിലൻസ് കേസുകളോ അച്ചടക്കനടപടികളോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ , ശ്രീമതി അൻഷ.പി.യുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേൻ കാലയളവ് 24.09.2021 പൂർവ്വാഹത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, ടിയാളുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേൻ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 12.12.2012 മുതൽ 25.09.2021 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി അൻഷ.പി.(പെൻ-473377), ക്ലർക്ക് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/224/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 11-08-2026
09:34:53

സെക്ഷൻ ഓഫീസർ